പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3377 — 19.06.19 ൽ മറുപടിയ്ക്ക്

## വാഹന ഉപയോക്താക്കളിൽ നിന്ന് പിഴ പിരിച്ചെടുക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മോട്ടോർവാഹന വകുപ്പ് വാഹന ഉപയോക്താക്കളിൽ നിന്ന് പിഴ ഇനത്തിൽ എത്ര കോടി രൂപ ഇനിയും പിരിച്ചെടു ക്കാനുണ്ട്; ഇക്കാര്യത്തിൽ വ്യക്തമായ കണക്ക് വകുപ്പിന്റെ പക്കലുണ്ടോ; വിശദ വിവരം നൽകുമോ; | (എ) | മോട്ടോർ വാഹന നിയമലംഘനങ്ങൾക്ക് ചെക്ക് റിപ്പോർട്ട് തയ്യാറാക്കി, പിഴ അടയ്ക്കുന്നതിലേയ്ക്ക് വാഹന ഉടമയ്ക്ക് എതിരെ ചാർജ്ജ് മെമ്മോ അയയ്ക്കുകയും പിഴ ഈടാക്കുകയുമാണ് ചെയ്യുന്നത്. എല്ലാ നിയമലംഘനങ്ങൾക്കും പിഴ ഈടാക്കുവാൻ കഴിയില്ല. ചില കേസുകളിൽ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുക കൂടാതെ പെർമിറ്റ് സസ്പെന്റ് ചെയ്യുക എന്നീ നടപടികൾ സ്വീകരിക്കാറുണ്ട്. ഉടമ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാന ത്തിലാണ് പിഴ തുക തീരുമാനിക്കുന്നത് എന്നതിനാൽ എത്ര തുക പിരിച്ചെടുക്കാനുണ്ട് എന്ന് കണക്കാക്കുവാൻ സാധിക്കില്ല |
| (ബി) | പിഴ പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ ഫല മായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്ക വാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (ബി) | വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016 മുതലുള്ള വകുപ്പിന്റെ പിഴയിനത്തിൽ ലഭിച്ച വരുമാനം പരിശോധി ച്ചാൽ വർദ്ധനവ് മനസ്സിലാക്കാൻ കഴിയും. 2016-17 സാമ്പത്തിക വർഷം 84.8 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 95.28 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 96.69 കോടി രൂപയുമാണ് പിഴയിനത്തിൽ വകുപ്പിന് ലഭിച്ചത്. മോട്ടോർ വാഹന നിയമ ലംഘനങ്ങൾക്കുള്ള പിഴ പിരിച്ചെടുക്കുന്നതിനായി എല്ലാ ഓഫീസു കളിൽനിന്നും സമയബന്ധിതമായി ചാർജ്ജ് മെമ്മോ വാഹന ഉടമയ്ക്ക് നൽകിവരുന്നു. നിശ്ചിത സമയ പരിധിയ്ക്ക് ഉള്ളിൽ പിഴ ഒടുക്കാത്ത വാഹന ഉടമയ്ക്ക് എതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാനും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ